## തെക്കുംമുറി ഹൈസ്ക്കൂൾ
## പുത്തൻചിറ

# കതിർമിഴികൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025–

<u>**ഉള്ളടക്കം**</u>

ആമുഖം

സ്കൂൾ ചരിത്രം

ലക്ഷ്യങ്ങൾ

അടിസ്ഥാന വിവരങ്ങൾ

പദ്ധതി രൂപീകരണ പ്രക്രിയ

മാസ്റ്റർ പ്ലാൻ അക്കാദമികം വിവിധ മേഖലകൾ

ഉപസംഹാരം

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. അതിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ നമുക്കും സാധിച്ചു. ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായഘട്ടത്തിന് അനുസൃതമായി കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുക എന്നതായിരുന്നു നമ്മുടെ ദൗത്യം. ഓരോ വിദ്യാർത്ഥികളുടെയും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ്, പഠനമുന്നേറ്റത്തിന് തുല്യ അവസരങ്ങൾ ഒരുക്കി, സമഗ്രമായ ആസൂത്രണത്തിലൂടെ ആ ദൗത്യത്തിൽ വിജയം കൈവരിക്കുവാൻ നമുക്കു സാധിച്ചു.നൂതന സാങ്കേതിക വിദ്യയിലൂടെ എല്ലാ വിദ്യാർത്ഥിക ളുടെയും അക്കാദമിക വളർച്ചയും അതിലൂടെ മികച്ച വിജയവും കൈവരിക്കുന്നതിനായുള്ള സമഗ്രമായ ആസൂത്രണരേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ ടി.എച്ച്.എസ്. പുത്തൻചിറ എന്ന നമ്മുടെ വിദ്യാ ലയത്തിൽ ഇരുന്നൂറോളം വിദ്യാർത്ഥികളാണ് വിദ്യ അഭ്യസിക്കുന്നത്. അന്ധ്യാപകരടക്കം 18 ജീവനക്കാർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. നമ്മുടെ വിദ്യാലയത്തിൽ എസ്.എസ്. എൽ.സി പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളെയും ഉപരിപഠനത്തിന് യോഗ്യരാക്കുക എന്ന സ്വപ്നം 2018 മാർച്ചിൽ തന്നെ നാം നിറവേറ്റി തുടർന്നിങ്ങോട്ട് കഴിഞ്ഞ 7 വർഷങ്ങ ളിലും 100% വിജയവും കൂടുതൽ ഫുൾ എ പ്ലസ്സുകളും നേടിക്കൊണ്ട് നമുക്ക് മുന്നേറുവാൻ കഴിഞ്ഞിട്ടുണ്ട്. 100% വിജയം എന്നത് നമ്മുടെ സാക്ഷാത്കരിച്ച സ്വപ്നമാണ്. എന്നാലിന്ന് 100% വിജയത്തോടൊപ്പം 50% കുട്ടികൾക്കും ഫുൾ എ പ്ലസ്സ് എന്ന പുതിയ സ്വപ്നം കണ്ടു കൊണ്ട് അത് സാക്ഷാത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനായാണ് ഇവിടെ ശ്രമിക്കുന്നത്.

7-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായുള്ള യു.എസ്.എസ്. സ്കോളർഷിപ്പ് 8-ാം ക്ലാസ്സുകാർക്കായുള്ള എൻ.എം.എം.എസ് സ്കോളർഷിപ്പ് എന്നിവയിൽ വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിക്കുന്നതിനായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സു കൾ തുടർന്നുകൊണ്ടിരിക്കുന്നു. കലാകായിക മേളകളിലും, ശാസ്ത്ര ഗണിത ശാസ്ത്ര, സാമൂഹികശാസ്ത്ര, ഐടി, പ്രവർത്തിപരിചയമേളകളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പോകുന്നു. സ്കൗട്ട് - ഗൈഡ് എന്നിവ സജീവമായി പ്രവർത്തിക്കുന്നു. എല്ലാ വിഷയാധിഷ്ടിത ക്ലബുകളുടെ പ്രവർത്തനങ്ങൾക്കൊപ്പം സീഡ് ക്ലബ്, ലഹരിവിരുദ്ധ ക്ലബ്, എനർജി ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടത്തിപോരു ന്നു. ഐ.ടി മേഖലയിൽ വിദ്യാർത്ഥികളെ പ്രഗൽഭരാക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ നിർവഹിച്ചുപോരുന്നു. മൈ റേഡിയോ 90 എഫ്.എംന്റെ പ്രക്ഷേപണങ്ങൾ കുട്ടികളിൽ എത്തിക്കാറുണ്ട്.

കായിക പരിശീലനത്തിന് സ്കൂൾ ഗ്രൗണ്ട്, നവീകരിച്ച ലൈബ്രറി, സുസജ്ജമായ മൾട്ടിമീഡിയ റൂം, മാത്സ് ലാബ്, ആധുനിക സൗകര്യങ്ങളോടുകൂടിയ സയൻസ് ലാബ്

എന്നിവയെല്ലാം വിദ്യാർത്ഥികളുടെ അക്കാദമികവും ഭൗതികവുമായ വളർച്ചക്കും മികവിനുമായി സുസ്ഥിരമായ പങ്ക് വഹിക്കുന്നു. കലാസംഗീത പഠനത്തിന് അദ്ധ്യാപകരുടെ സേവനം ഇനിയും ലഭിച്ചിട്ടില്ലായെന്ന വ്യസനത്തോടൊപ്പം അക്കാദമിക മികവമാണ് വിദ്യാലയത്തിന്റെ മികവ് എന്നു മനസ്സിലാക്കുകയും വീണ്ടും വീണ്ടും മികുവറ്റതാക്കാനുള്ള അശ്രാന്തപരിശ്രമത്തിലുമാണ് ഇവിടത്തെ അദ്ധ്യാപകർ.

**സ്കൂൾചരിത്രം**

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്ക പ്രദേശമായിരുന്നു പുത്തൻചിറ. 70 വർഷം മുൻപ് 1954 ൽ പുത്തൻചിറ പഞ്ചായത്തിൽ വെള്ളൂർ പ്രദേശത്ത് മോഡൽ യു.പി. സ്കൂളായി നമ്മൾ സ്കൂൾ ആരംഭിച്ചു. വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളർച്ച കുറഞ്ഞ ഒരു കാലഘട്ടമായിരുന്നു അന്ന്. കേരള സംസ്ഥാന രൂപീകരണത്തിനുമുൻപ് തിരുവിതാംകൂറിന്റെ ഭാഗമായ പുത്തൻചിറ വില്ലേജ് കോട്ടയം ജില്ല പറവൂർ താലൂക്കിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ റവന്യൂ, രജിസ്ട്രേഷൻ, വിദ്യാഭ്യാസം സംബന്ധിച്ച കാര്യങ്ങൾക്ക് പറവൂർ വരെ പോകേണ്ടിയിരുന്നു. പുത്തൻചിറയിൽ ഹൈസ്കൂളുകൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. കിഴക്കുംമുറിയിൽ ഇപ്പോൾ നിലവിലുള്ള യു.പി. സ്കൂൾ ഉണ്ടായിരുന്നു. മാള, ഇരിങ്ങാലക്കുട കൊടുങ്ങല്ലൂർ തുടങ്ങിയ സമീപ സ്ഥലങ്ങളിൽ അന്ന് ഹൈസ്കൂൾ ഉണ്ടായിരുന്നു. ഈ സ്ഥലങ്ങളിലേക്ക് വാഹനസൗകര്യം ഉണ്ടായിരുന്നില്ല.

ഈ സ്കൂൾ ആരംഭിക്കുന്നതിന് മുന്നോട്ടിറങ്ങിയത് ഈ പ്രദേശത്തെ ഒമ്പത് വ്യക്തികളാണ്. മഠത്തിപ്പറമ്പിൽ എം.ഈ പത്മനാഭൻ, മഠത്തിപ്പറമ്പിൽ എം.ജി ഗോപാലൻ മാസ്റ്റർ, മഠത്തിപ്പറമ്പിൽ എം.എം. കുമാരൻ, കറുത്തേടത്ത് കെ.എം. മാണി, പുളിക്കൽ പി.എസ്. ശങ്കരൻ, പുളിക്കൽ പി.എസ്. കണ്ടുകുഞ്ഞി, അരങ്ങത്ത് രാമൻ തിരുക്കുളം മാധവൻ ഇവർ ആരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ആദ്യ മാനേജരായി ശ്രീ. എം.എം കുമാരനും തുടർന്ന് പി.എസ് കണ്ടുകുഞ്ഞിയും മാനേജർ സ്ഥാനം വഹിച്ചു. മുകളിൽ പറഞ്ഞ 9 പേർ സ്വന്തം നിലയിൽ പൈസ എടുത്താണ് ഈ വിദ്യാലയം ആരംഭിച്ചത്. ഓല, മുള, കവുങ്ങ് എന്നിവ ഉപയോഗിച്ച് താൽക്കാലിക ഷെഡ് നിർമ്മിച്ചാണ് വിദ്യാലയം ആരംഭിച്ചത്. ഈ വിദ്യാലയത്തിലെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. പി.ആർ. രാമകൃഷ്ണൻ ആയിരുന്നു. തുടർന്ന് ശ്രീ. യു.കെ നാരായണൻ മാസ്റ്ററും ആ സ്ഥാനം അലങ്കരിച്ചു. പ്രഥമ വിദ്യാർത്ഥി ശ്രീ. പി. കെ പ്രഭാകരനും ആയിരുന്നു. കുറച്ചുവർഷം പിന്നിട്ടപ്പോൾ അന്നത്തെ കമ്മറ്റിക്കാർക്ക് സാമ്പത്തിക ബുദ്ധിമുട്ടു വന്നതിനാൽ സ്കൂളിന്റെ മാനേജ്മെന്റ് മഠത്തിപ്പറമ്പിൽ കുഞ്ഞുക്കുട്ടി മകൻ രാമനു കൈമാറി. തുടർന്ന് സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. പിന്നീട് കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരൻ 1982-83 ൽ യു.പി സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും തുടർന്ന് ടി.എച്ച്.എസ് എന്ന് നാമകരണം ചെയ്തു. ടി.എച്ച്.എസ്സിന്റെ പ്രഥമ പ്രധാനാധ്യാപകനായി ശ്രീ.പി.കെ ജ്യോതി പ്രകാശ് നിയമിക്കപ്പെട്ടു. അക്കാലത്ത് 1400 ൽ പരം വിദ്യാർത്ഥികളാണ് ഇവിടെ വിദ്യാഭ്യാസം നടത്തിയിരുന്നത്. ഈ സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ. എം.ആർ രണധീരൻ മാസ്റ്ററുടെ സഹ

ധർമ്മിണി ശ്രീമതി ഭാനുമതി രണധീരൻ ആയിരുന്നു മാനേജർ. അവരുടെ മരണശേഷം മകൻ ശ്രീ. എം.ആർ. സുനിൽബാബു മാസ്റ്ററും തുടർന്ന് ശ്രീ.എം.ആർ സന്തോഷ്ബാബുവും മാനേജരായി ചുമതലയേറ്റു. ഇപ്പോൾ കെ.കെ. ബിന്ദുടീച്ചർ പ്രധാനാദ്ധ്യാപികയാണ്. നിരവധി ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞന്മാർ, ഉദ്യോഗസ്ഥർ തുടങ്ങി ധാരാളം പ്രമുഖരെ നമ്മുടെ ഈ വിദ്യാലയം സംഭാവന ചെയ്തിട്ടുണ്ട്. ഇപ്പോൾ ആധുനിക സൗകര്യങ്ങളോടുകൂടിയ മൂന്നുനില കെട്ടിടം നിർമ്മിച്ച് 2016-17 വിദ്യാഭ്യാസവർഷം മുതൽ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

## ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ കൈവരിക്കേണ്ട പഠന ശേഷികൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
3. പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്ന വിദ്യാലയന്തരീക്ഷം സൃഷ്ടിക്കുക.
4. ശുചിത്വം, അനുകമ്പ, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കുക.
5. പാർശ്വൽക്കരിക്കപ്പെട്ടവർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക പരിഗണനയും.
6. പരിസ്ഥിതി സൗഹൃദ ഹരിത വിദ്യാലയം എന്ന ആശയം പ്രാവർത്തികമാക്കുക. പ്ലാസ്റ്റിക്ക് പരമാവധി ഒഴിവാക്കുകയും ജൈവവൈവിദ്ധ്യ ഔഷധ ഫലവൃക്ഷത്തോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്യുക. സ്കൂളിലും വീട്ടിലും പച്ചക്കറിത്തോട്ടം എന്ന ആശയം പ്രാവർത്തികമാക്കുക.
7. സ്കൂൾ തലത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ ശരിയായ ദിശയിലും ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലും നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.

## ലക്ഷ്യപ്രസ്താവന

- യു.പി. തലത്തിൽ ചുരുങ്ങിയത് 5 യു.എസ്.എസ് വിജയികൾ
- എച്ച്.എസ്. എസ്.എസ്.എൽ.സി ഈ വർഷം 6 ഫുൾ എ പ്ലസ്സ് വരും വർഷങ്ങളിൽ കൂടുതൽ ഫുൾ എ പ്ലസ്
- കായികം എല്ലാ വിദ്യാർത്ഥകളെയും മത്സരങ്ങളിൽ മുന്നോട്ടെത്തിക്കുക.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിലാസം | : | തെക്കുംമുറി ഹൈസ്കൂൾ, പുത്തൻചിറ<br>പുത്തൻചിറ സൗത്ത് പി.ഒ, തൃശ്ശൂർ ജില്ല, 680682 |
| സ്കൂൾ റോഡ് | : | 23063 |
| വിദ്യാഭ്യാസ ഉപജില്ല | : | മാള |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| റവന്യൂജില്ല | : | തൃശ്ശൂർ |
| ബി.ആർ.സി | : | വെള്ളാങ്കല്ലൂർ |
| സി.ആർ.സി | : | ജി.എൽ.പി.എസ് പുത്തൻചിറ സൗത്ത് |
| ഗ്രാമപഞ്ചായത്ത് | : | പുത്തൻചിറ |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളാങ്കല്ലൂർ |
| ജില്ലാ പഞ്ചായത്ത് | : | തൃശ്ശൂർ |
| നിയമസഭാമണ്ഡലം | : | കൊടുങ്ങല്ലൂർ |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| വില്ലേജ് | : | പുത്തൻചിറ |
| ഇ.മെയിൽ വിലാസം | : | thighschoolputhenchira@yahoo.com |

## Office Staff Details

| Sl.No | Name | Designation | PEN | Contact No |
|---|---|---|---|---|
| 1 | Bindu K K | Headmistress | | |
| 2 | Ajith K J | Clerk | | |
| 3 | Babu M P | OA | | |
| 4 | Saneesh K A | OA | | |

## Teaching Staff Details

| Sl.No | Name | Designation | PEN | Contact No |
|---|---|---|---|---|
| 1 | Abhilash Antony Therattil | HSA Phy.Sc | | |
| 2 | V.A Deepa | HSA Nat. Sc | | |
| 3 | Jayarajan K R | HSA Maths | | |
| 4 | M S Jeena | HSA SS | | |
| 5 | K S Krishnapriya | HSA Eng | | |
| 6 | K M Shomi | HSA Mal | | |
| 7 | K Kavitha | HSA Hindi | | |
| 8 | P S Salabha | HSA Sanskrit | | |
| 9 | K I Amila | HSA Arabic | | |
| 10 | Shijo S Tharayil | Physical Edn.Tr | | |
| 11 | C A Beena | UPSA | | |
| 12 | M D Daya | UPSA | | |
| 13 | S S Sathar | UPSA | | |
| 14 | M M Shimi | UPSA | | |

**പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ**

- പ്രധാന അദ്ധ്യാപികയുടെ നേതൃത്വത്തിൽ സ്റ്റാഫ് കൗൺസിൽ ചേർന്നു. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്തു.
- എസ്.ആർ.ജി മീറ്റിംങ്ങ് കൂടി വിവിധ വിഷയാടിസ്ഥാനത്തിൽ ചർച്ച ചെയ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.
- മാസ്റ്റർ പ്ലാനിന്റെ കരട് രൂപരേഖ തയ്യാറാക്കി എസ്.ആർ.ജിയിൽ അവതരിപ്പിച്ചു.
- മെച്ചപ്പെടുത്തലുകൾ വരുത്തി.
- മാസ്റ്റർ പ്ലാനിന്റെ കൈഎഴുത്ത് പ്രതി തയ്യാറാക്കി.

**മലയാളം എച്ച്.എസ്**

**അക്കാദമിക് മാസ്റ്റർ പ്ലാൻ (ഹ്രസ്വകാലം)**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി അടിസ്ഥാന ഘടകങ്ങളായ ആശയവിനിമയം, വായന എഴുത്ത് എന്നിശേഷികൾ വളർത്തൽ (എന്റെ ഭാഷ ഞാൻ പഠിക്കും) | 1. മാതൃഭാഷയുടെ ഗുണങ്ങൾ അറിയൽ<br>2. കുട്ടികളുടെ മാതൃഭാഷ നൈപുണി വികാസത്തിന്റെ ആദ്യ പടിയായി സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കൽ.<br>3. വായനയ്ക്കായി പത്രം, പുസ്തകം എന്നിവ ഉപയോഗപ്പെടുത്തൽ<br>4. വായനയിലൂടെ പദങ്ങളുടെ രൂപം, ഘടന മനസ്സിലാക്കൽ.<br>5. പദപരിചയം ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുകയും ബോർഡ്, നോട്ടസ് ബുക്ക് എന്നിവയിൽ ചെറിയ കേട്ടെഴുത്തൽ.<br>6. ഭാഷ ഗെയിമുകൾ വഴി പദപരിചയം | ഒന്നര മാസം ജൂൺ, ജൂലായ് | മലയാള അധ്യാപകൻ | |
| 2 | അക്ഷരം, പദം, വാക്യം കുറിപ്പ് എന്നിങ്ങനെ ഘടനകൾ ഉറപ്പാക്കൽ (ഹ്രസ്വത്തിൽ നിന്നും സങ്കീർണത്തിലേക്ക്) | 1. പദത്തിൽ നിന്നും ചെറിയ വാക്കുകളുടെ നിർമ്മാണം. കുട്ടികളുടെ ജീവിതശൈലി, രീതി എന്നിവയുമായി ബന്ധപ്പെട്ട വാക്യനിർമ്മാണം.<br>2. അവരുടെ ഇഷ്ടപ്പെട്ടതും മുന്നറിവ് സംബന്ധവുമായ കാര്യങ്ങൾ വഴി വാക്കുകൾ നിർമ്മിച്ച് കുറിപ്പ് ആക്കി മാറ്റാം. | രണ്ടരമാസം ജൂലായ്, ആഗസ്റ്റ്, സെപ്തംബർ | മലയാളം അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | 3. വിഭക്തികൾ, വാക്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന വിധം എന്നിവ മനസ്സിലാക്കൽ | | | |
| 3 | കുട്ടികളുടെ സർഗ്ഗാത്മകത വളർത്തൽ | 1. ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അതുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തൽ.<br>2. പാഠസംബന്ധമായ സർഗ്ഗാത്മക പ്രവർത്തനങ്ങൾ മുടക്കം വരുത്താതെ ചെയ്യൽ<br>3. ആസ്വാദനശേഷി വളർത്തുവാൻ ഐ.സി.ടി. പ്രയോജനപ്പെടുത്തി സിനിമ, ഗാനം മുതലായവയുടെ പ്രദർശനം<br>4. രചനകളുടെ പ്രോത്സാഹനം | ഒരു വർഷം | മലയാളം അധ്യാപകൻ& രക്ഷിതാക്കൾ | |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**മലയാളം യു.പി വിഭാഗം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് നട ത്താനും പദ സമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്ത രാക്കുക | 1. അവധിക്കാല - വായനക്കുറിപ്പ് അവതരണം.<br>2. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു.<br>3. ചില വിഷയങ്ങൾ കൊടുത്ത് ലഘു കുറിപ്പ് തയ്യാറാക്കൽ | ഒന്നര മാസം ജൂൺ, ജൂലായ് | മലയാള അധ്യാപകൻ |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | • പത്രവായന ക്ലാസ്സ് തലം ആഴ്ചയിൽ സ്കൂൾ<br>• ലൈബ്രറി പുസ്തകം വായനയും തുടർന്ന് വായനക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ | അധ്യാപകൻ |
| 3 | ദിനാചരണങ്ങൾ തിരിച്ചറിയൽ | എല്ലാ ദിനാചരണങ്ങളുടേയും പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | വർഷം മുഴുവൻ | അധ്യാപിക |
| 4 | വായനയും എഴുത്തും ഉറപ്പിക്കൽ | പുസ്തകങ്ങൾ വായിക്കുന്ന പാഠഭാഗങ്ങൾ നോക്കിയെഴുത്ത് എഴുതുന്നു. | 6 മാസം | അധ്യാപകൻ |
| 5 | മലയാളം അക്ഷരം ഉറപ്പിക്കൽ/ടൈപ്പിംഗ് പരിശീലനം | മുഴുവൻ കുട്ടികളുടേയും മലയാളം അക്ഷരം ടൈപ്പിംഗ് പരിശീലനം ചെയ്യൽ | ഒരു വർഷം | അധ്യാപകൻ |
| 6 | റേഡിയോ | വിശേഷദിനങ്ങളുടെ ദിനാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു | ഒരുവർഷം | അധ്യാപകൻ |
| 7 | വായന | • ചിത്രം - കഥ പൂർത്തിയാക്കൽ<br>• പത്രവായന<br>• ലൈബ്രറി വിതരണം<br>• ഭാഷോ കേളി<br>• മലയാളത്തിളക്കം | 8 മാസം | അധ്യാപകൻ |
| 8 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടായ്മ രൂപപ്പെടുത്തുക<br>• പുസ്തക ചർച്ച | ആറ് മാസം | അധ്യാപകൻ, രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | | • ക്ലാസ്സ് ലൈബ്രറി<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• രചന മത്സരങ്ങൾ | | |
| 9 | ഭിന്നശേഷിക്കാരെ പരിഗണിക്കൽ | • അക്ഷരം പരിചയം<br>• കഥ പറയിക്കൽ<br>• ചിത്രം നൽകി വാക്യം നിർമ്മിക്കൽ<br>• വിട്ടുപോയവ പൂരിപ്പിക്കൽ | വർഷം മുഴുവൻ | അധ്യാപകനും രക്ഷിതാക്കളും |

## അറബിക്ക് എച്ച്.എസ് & യു.പി

| പ്രവർത്തനത്തിന്റെ മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം, പുതിയ അറബിക്ക് പുസ്തകങ്ങൾ, ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു. | 6 മാസം | |
| പ്രതികളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലായ് നവംബർ | അധ്യാപകർ |
| ദിനാചരണങ്ങൾ<br>ദിനാചരണങ്ങളെകുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ എല്ലാ മാസവും | അധ്യാപകർ |
| ആസ്വാദനം | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | |
| അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും സൗകര്യം ഉണ്ടാക്കുക. | ഡിസംബർ | |
| അറബിക് ഫെസ്റ്റ് | അറബി ഭാഷയെക്കുറഇച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ഡിസംബർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

**സംസ്കൃതം യു.പി, എച്ച്.എസ്**

- പഠനലക്ഷ്യങ്ങൾ
- സംസ്കൃതപഠനം രസകരമാക്കുന്നു.
- വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിയാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് നേടുന്നു.
- അക്ഷരങ്ങൾ വ്യക്തതയോടെ ഉച്ചരിക്കാനും വാക്യങ്ങൾ സുഭാഷിതങ്ങൾ എന്നിവ വായിക്കുവാനും എഴുതുവാനും ആലപിക്കുവാനും കഴിവ് നേടുന്നു.
- സംസ്കൃതഭാഷയിൽ സംസാരിക്കുവാനുമുള്ള കഴിവ് നേടുന്നു.
- ചരിത്രാവബോധം, ശാസ്ത്രാവബോധം എന്നിവ നേടുന്നു.
- പൗരധർമ്മം, ലിംഗസമത്വം, ജനാധിപത്യം എന്നീ മൂല്യങ്ങളെ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കുന്നു. കയ്യെഴുത്ത് മാസികകൾ, നിഘണ്ടുകൾ എന്നീ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രാപ്തരാക്കുന്നു.
- സംസ്കൃതോത്സവങ്ങൾ, ദിനാചരണങ്ങൾ, പ്രദർശിനികൾ എന്നിവ സംഘടിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നു.

| ക്രമ ന മ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയ ളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃതകവിതകൾ, ലഘുഗാനങ്ങൾ, സുഭാഷിതങ്ങൾ, അക്ഷരഗാനങ്ങൾ, സംഖ്യാഗാനങ്ങൾ, വിഭക്തിഗീതങ്ങൾ, ക്രീഡാഗാനങ്ങൾ എന്നിവ കേൾപ്പിക്കുന്നു. പാടുന്നു. പാഠഭാഗങ്ങളുടെ ശബ്ദ രേഖകൾ എന്നിവ കേൾപ്പിക്കുന്നു. | ജൂൺ സെപ്തംബർ | സംസ്കൃത അദ്ധ്യാപകൻ | ഇല്ല |
| 2 | ഉച്ചാരണം | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വാക്യങ്ങൾ പ്രദർശിപ്പിച്ച് ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണസ്ഥാനങ്ങൾ ഉറപ്പിക്കുന്നു. സുഭാഷിതങ്ങൾ, ശ്ലോകങ്ങൾ എന്നിവ അക്ഷരശുദ്ധിയോടെ ചൊല്ലാൻ പരിശീലിപ്പിക്കുന്നു. കഥകൾ ഭാവാത്മകതയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. ഒറ്റക്കും സംഘമായും വായിക്കുവാനും പാടുവാനും അവസരം കൊടുക്കുന്നു. | ജൂൺ<br>സെപ്തംബർ | സംസ്കൃത അദ്ധ്യാപിക | ഇല്ല |
| 3 | എഴുത്ത് | സമാനാക്ഷരമുള്ള പദങ്ങൾ എഴുതിപ്പിക്കുന്നു. ചിത്രങ്ങൾ കണ്ട് പദങ്ങൾ എഴുതുന്നു. അഭ്യാസ പുസ്തികയിൽ മാതൃക കണ്ട് എഴുതുവാൻ പരിശീലിപ്പിക്കുന്നു. | ജൂൺ ജൂലായ് ജനുവരി | സംസ്കൃത അദ്ധ്യാപിക | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | രണ്ടുവര പുസ്തകയിൽ അക്ഷരങ്ങൾ, പദങ്ങൾ വാക്കുകൾ എന്നിവ ചിഹ്നങ്ങളോടുകൂടി എഴുതുവാൻ പരിശീലിപ്പിക്കുന്നു. സംയുക്ത അക്ഷരങ്ങൾ കണ്ടെത്തി വർണ്ണവിച്ഛേദം ചെയ്ത് എഴുതിക്കുന്നു. കേട്ടെഴുത്ത്, കണ്ടെഴുത്ത് എന്നിവ നടത്തുന്നു. വിഭക്തി, ലിംഗവചനങ്ങളനുസരിച്ച് എഴുതാൻ പരിശീലിക്കുന്നു. ചെറുവാക്യങ്ങൾ, പാദടിപ്പണികൾ, ചെറുകവിതകൾ, ശീർഷകങ്ങൾ എന്നിവ ആശയങ്ങൾക്കനുസരിച്ച് എഴുതിപ്പിക്കുന്നു. മലയാള വാക്യങ്ങളെ സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്യാൻ പഠിപ്പിക്കുന്നു. | | | |
| 4 | വായന | അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ, ചിത്രങ്ങൾ എന്നിവയുടെ കാർഡുകൾ ഉണ്ടാക്കുന്നു. അവ ഉപയോഗിച്ച് വായിക്കാൻ പരിശീലിപ്പിക്കുന്നു. പാഠഭാഗങ്ങളുടെ വായന നിർബന്ധമാക്കുന്നു. അനുബന്ധമായി ലൈബ്രറിയിലെ സംസ്കൃത പുസ്തകങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു. കഥ, കവിത, വായനകാർഡുകൾ, ചിത്രപദകോശങ്ങൾ എന്നിവ വായനക്കായി ഉപയോഗിക്കുന്നു. വായനോത്സവങ്ങൾ, വാർത്തവായന, പുസ്തക പാരായണം എന്നിവ ക്ലാസ്സ് തലത്തിലും | 1 വർഷം | സംസ് കൃത അധ്യാപിക | ഇല്ല |
| 5 | കോശ നിർമ്മാണം<br><br>കയ്യെഴുത്ത് മാസിക | സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു. ചിത്രങ്ങൾ പദങ്ങളോട് ചേർത്ത് ചിത്രപദകോശം നിർമ്മിക്കുന്നു. പുലിംഗപദങ്ങൾ, സ്ത്രീലിംഗപദങ്ങൾ, സപുംസകലിംഗ പദങ്ങൾ എന്നിവയുടെ പദകോശം നിർമ്മിക്കുന്നു. കത്വാന്തം, ല്യബന്തം, തുമുന്നന്തം എന്നിവയുടെ അവ്യയപദകോശം നിർമ്മിക്കുന്നു. ക്രിയാപദകോശം നിർമ്മിക്കുന്നു. | 1 വർഷം | സംസ് കൃതം അധ്യാപിക | ഇല്ല |
| 6 | ചരിത്രം അവ ബോധം | മഹാന്മാരെ തിരിച്ചറിയുന്നതിനായി ഭിത്തിപത്ര നിർമ്മാണം, ജീവചരിത്ര ലേഖനം, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു. | 1 വർഷം | സംസ് കൃത അദ്ധ്യാപിക | ഇല്ല |
| 7 | ശാസ്ത്ര അവ ബോധം | ശാസ്ത്രകാരന്മാരുടെ വിവരണശേഖരണം, ശാസ്ത്ര ഗ്രന്ഥങ്ങളുടെ വീഡിയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | 1 വർഷം | | |
| 8 | പൗര ബോധം | പാഠഭാഗങ്ങളിലെ മൂല്യബോധങ്ങളെ ഉറപ്പിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നു. പഠനയാത്രകൾ എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കുന്നു. | 1 വർഷം | സംസ് കൃത അദ്ധ്യാപകൻ | ഇല്ല |

## Academic Master Plan 2025-26
## English

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയ ളവ് | ചുമ തല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | സ്വാതന്ത്ര വായനയ്ക്ക് സജ്ജ രാക്കും വായനശീലം വർദ്ധിപ്പി ക്കുക | പത്രവായന, ലൈബ്രറി ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഇംഗ്ലീഷ് രച നകൾ ശേഖരിക്കലും വായനയും | ക്ലാസ്സ് റൂം പ്രവർ ത്തനങ്ങ ളോ ടൊപ്പം അവധി ദിവസ ങ്ങൾ ദീർഘ കാലം | ഇംഗ്ലീ ഷ് അധ്യാ പിക | പി.ടി.എ അധ്യാപ കർ |
| 2 | ഇംഗ്ലീഷ് രചനകൾ പ്രോത്സാഹി പ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട രച കൾ തയ്യാറാക്കാൻ അവസരം നൽകുക (Newspaper report, character sketch, Diary, Writeup, poem appreciation, Script etc) | ക്ലാസ്സ് റൂം പ്രവർ ത്തനങ്ങ ളോ ടൊപ്പം | ഇംഗ്ലീ ഷ് അധ്യാ പകർ | അധ്യാപ കർ |
| 3 | ഇംഗ്ലീഷിൽ ആത്മവിശ്വാ സത്തോടെ ആശയവിനി മയം നട ത്താൻ പ്രാപ്തരാ ക്കുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സ്പീച്ച് മത്സരങ്ങൾ നടത്തുക. ഇംഗ്ലീഷ് അംസബ്ലി പാഠ്യഭാഗവും അല്ലാത്തതുമായ വിഷയങ്ങളിൽ ചർച്ചകൾ നടത്തുക | ദിനാചര ണങ്ങൾ ദീർഘ കാലം | ഇംഗ്ലീ ഷ് ക്ലബ് | ക്ലബ് കൺവീ നർ ഇംഗ്ലീഷ് അധ്യാ പിക |
| 4 | ഇംഗ്ലീഷ് പദ പ്രയോഗ ങ്ങളും കേൾക്കാനും മനസ്സിലാ ക്കാനും അവസരമു ണ്ടാക്കുക | ഐ.സി.ടിയുടെ സഹായത്താൽ സ്പീച്ച്, ഇന്റർവ്യൂസ് മുതലായവ കാണാനും കേൾക്കാനും അവസരം നൽകുക. ഇംഗ്ലീഷ് മൂവീസ് കാണാൻ ലൈബ്രറിയിൽ അവസരം നൽകകു | ക്ലാസ്സ് റൂം പ്രവർ ത്തനങ്ങ ളോ ടൊപ്പം | ഇംഗ്ലീ ഷ് അധ്യാ പിക | ഇംഗ്ലീഷ് അധ്യാ പിക |
| 5 | ഇംഗ്ലീഷി ലുള്ള ആവി ഷ്കാര ങ്ങൾക്ക് അവസരം നൽകുക | പാഠഭാഗത്തോടനുനബന്ധിച്ച് റോൾപ്ലേ സ്കിറ്റ് സംഘടിപ്പിക്കൽ Choreography തയ്യാറാക്കി ക്ലാസ്സ് അടിസ്ഥാനത്തിൽ ദൃശ്യാവി ഷ്ക്കാരം നടത്തുക | ഇംഗ്ലീഷ് ക്ലാസ്സ് റൂം പ്രവർ ത്തനങ്ങ ളോ ടൊപ്പം | ഇംഗ്ലീ ഷ് അധ്യാ പിക | ഇംഗ്ലീഷ് അധ്യാ പിക |

## U P English

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര്, വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 | English Pool<br>വിവിധ കളികൾ, കഥകൾ, പസിലുകൾ എന്നിവയിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷിൽ പ്രാവീണ്യം നൽകുക. ഇംഗ്ലീഷ് ഡിഷ്ണറി കൈകാര്യം ചെയ്യാൻ അവ സരം നൽകുക | മാസം തോറും | ഇംഗ്ലീഷ് അധ്യാപികർ |
| 2 | Follow me<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക നുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീ ലനം നൽകുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |
| 3 | Reader of the month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവ സരം നൽകി റീഡർ ഓഫ് ദി മൺത്തിനെ കണ്ടെത്തുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |
| 4 | English Corner<br>റീഡിംങ്ങ് കാർഡ്, പിക്ചർ കാർഡ്, ഐ. സി.ടി എന്നിവയുടെ സഹായത്താൽ ചെറിയ ക്ലാസ്സുകളിൽ വായനാശേഷി വർദ്ധിപ്പിക്കുന്നു. | എല്ലാ മാസവും | ഇംഗ്ലീഷ് അധ്യാപകർ |
| 5 | One man show<br>വിഷയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയ ത്തിന് അവസരം നൽകുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ |
| 6 | Ice break with English<br>വിവിധ തരത്തിലുള്ള ഇംഗ്ലീഷ് രചനകൾ (പ്രൊഫൈൽ, ലെറ്റർ, ഡയറി) എഴു താനും അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | എല്ലാ മാസവും | ഇംഗ്ലീഷ് അധ്യാപകർ |

**മേഖല: അക്കാദമികം　　　ഉപമേഖല: ഹിന്ദി ഭാഷ ക്ലാസ്സ് തലം**

| ക്രമ ന മ്പർ | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ക്ലാ സ്സ് | ചുമ തല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെ ത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാ, സുഗമമായി വായിക്കാനും എഴു താനും സംസാരിക്കാനും ആശയ വിനിമയം നട ത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ (WSN, Slow learners) കുട്ടി കൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാ പോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്ന തിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. (WSN, Slow learners) കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണ ക്കിലെടുത്തുകൊണ്ട് നട ത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വരവ് | 8,9, 10 | ഹിന്ദി അധ്യാപകർ മറ്റു ഭാഷാദ്ധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ, ഹിന്ദിയിൽ പരിശീലിപ്പിക്കു ക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നവയുടെ ദൈനംദിന അവസരം | പ്രതി ദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | (WSN, Slow learners) കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ.സി.ടി മുഖാന്തിരം, പലവർണ്ണങ്ങ ളിൽ ആകർഷകമായി അക്ഷ രമാല അവതരണം | ആഴ്ച യിൽ ഒരു പ്രാവ ശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറി പ്പുകൾ, ജീവനികൾ, ആത്മ കഥകൾ, കവിതകൾ, കഥ കൾ എന്നിവ വായിപ്പിക്കുക | ആഴ്ച യിൽ ഒരു പ്രാവ ശ്യം | 5,8, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗ ങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക | ദിനാച രണവു മായി ബന്ധ പ്പെട്ട് | 9,10 | ഹിന്ദി അധ്യാപ കർ | |

| | | | | | |
|---|---|---|---|---|---|
| 7 | കുട്ടികളെകൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം. ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം, വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റ് അധ്യാപകർ | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് എ.ഐ ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റ് അധ്യാപകർ | |

## Academic Master Plan 2025-2026
## Physical Science

**<u>പ്രവർത്തനം 1</u>**

| | | |
|---|---|---|
| പേര് | : | അത്ഭുതം കണ്ണിലൂടെ |
| മേഖല/ഉപമേഖല | : | അക്കാദമികം/ശാസ്ത്രം |
| ലക്ഷ്യം | : | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ |
| പ്രവർത്തനം | : | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ അവതരിപ്പിച്ച് കാണിച്ച് കൊടുക്കാനുള്ള അവസരം നൽകുന്നു. |
| കാലം | : | ഒരു അധ്യയന വർഷം |
| ചുമതല | : | സയൻസ് അധ്യാപകർ |

**<u>പ്രവർത്തനം 2</u>**

| | | |
|---|---|---|
| പേര് | : | ശാസ്ത്ര അറിവുകൾ |
| മേഖല/ഉപമേഖല | : | അക്കാദമികം/ശാസ്ത്രം |
| ലക്ഷ്യം | : | ശാസ്ത്ര അവബോധം സൃഷ്ടിക്കൽ |
| പ്രവർത്തനം | : | ശാസ്ത്രമേഖലയിലെ നൂതന ആശയങ്ങളും പുതിയ അറിവുകളും വിവിധ സന്ദർഭങ്ങളിലൂടെ പകർന്ന് കൊടുക്കൽ |
| കാലം | : | ഒരു അധ്യയന വർഷം |
| ചുമതല | : | സയൻസ് അധ്യാപകർ |

**<u>പ്രവർത്തനം 3</u>**

| | | |
|---|---|---|
| പേര് | : | ജീവിത മൂല്യങ്ങൾ ശാസ്ത്രത്തിലൂടെ |
| മേഖല/ഉപമേഖല | : | അക്കാദമികം/ശാസ്ത്രം |
| ലക്ഷ്യം | : | ശാസ്ത്ര പഠനത്തിലൂടെ ജീവിത മൂല്യങ്ങൾ തിരിച്ചറിയൽ |
| പ്രവർത്തനം | : | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളിലൂടെ ജീവിത മൂല്യങ്ങൾ പകർന്ന് കൊടുക്കൽ |
| കാലം | : | ഒരു അധ്യയന വർഷം |
| ചുമതല | : | സയൻസ് അധ്യാപകർ |

**<u>പ്രവർത്തനം 4</u>**

| | | |
|---|---|---|
| പേര് | : | മേളകൾ |
| മേഖല/ഉപമേഖല | : | അക്കാദമികം/ശാസ്ത്രം |
| ലക്ഷ്യം | : | ശാസ്ത്രമേളകൾക്ക് കുട്ടികളെ സജ്ജീകരിക്കൽ |
| പ്രവർത്തനം | : | സ്കൂൾ ശാസ്ത്രമേളകൾ, ഉപജില്ല ശാസ്ത്രമേളകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം |
| കാലം | : | ഒരു അധ്യയന വർഷം |
| ചുമതല | : | സയൻസ് അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

ടി.എച്ച്.എസ്. പുത്തൻചിറ

ഹൈസ്കൂൾ - ജീവശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കണം | പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ<br>ക്വിസ്സ് മത്സരം | ജൂൺ | ഇക്കോ ക്ലബ്ബ് ബയോളജി വിഭാഗം | പി.ടി.എ സയൻസ് ക്ലബ്ബ് |
| 2 | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | മൈക്രോ സ്കോപ്പ് പരിചയം | ജൂലൈ-ആഗസ്റ്റ് | ബയോളജി വിഭാഗം | സ്കൂൾ അധ്യാപക ഫണ്ട് |
| 3 | ജൈവവൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ ജന്തു പട്ടിക തയ്യാറാക്കൽ | സെപ്തംബർ | ബയോളജി വിഭാഗം | പി.ടി.എ |
| 4 | സസ്യസംരക്ഷണ ബോധവൽക്കരണം | സസ്യോദ്യാനം സന്ദർശനം | ഒക്ടോബർ | ഇക്കോക്ലബ്ബ് | |
| 5 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് ചർച്ച | നവംബർ ഡിസംബർ | ബയോജളജി വിഭാഗം | |
| 6 | കരിയർ ബോധവൽക്കരണം | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ | ജനുവരി ഫെബ്രുവരി | കരിയർഗൈഡൻസ് | പി.ടി.എ |
| 7 | പാഠഭാഗം പുനരാവർത്തനം | റിവിഷൻ ക്ലാസ്സുകൾ | മാർച്ച് | ബയോളജി വിഭാഗം | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

യു,പി സയൻസ്

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല /പിന്തുണ | ചിലവ് |
|---|---|---|---|---|---|---|
| 1 | ജീവനം, ഔഷധ സസ്യതോട്ടം കാവ് സംരക്ഷണം, ജൈവവൈവിധ്യപാർക്ക് | ചിത്രപ്രദർശനം, വീഡിയോ പ്രദർശനം, തനിക്ക് ചുറ്റുമുള്ള ഔഷധ സസ്യങ്ങളെ കണ്ടെത്തൽ, വിവര ശേഖരണം, ആൽബം നിർമ്മാണം, പുസ്തക ശേഖരണം. ചെടികൾ കണ്ടെത്തൽ, നട്ടുവളർത്തൽ, സസ്യപരിപാലനം | ഔഷധ സസ്യങ്ങളെ ക്കുറ ഇച്ച് അവ ബോധ മുണ്ടാക്കൽ സസ്യ സംരക്ഷണം | 2025-26 | അധ്യാപകർ, വിദ്യാർത്ഥികൾ പി.ടിഎ | 2500 |
| 2 | ശാസ്ത്ര കൗതുകം | സയൻസ് കോർണർ, ക്വിസ്സ് ആൽബ നിർമ്മാണം, ജീവചരിത്രക്കുറഇപ്പ് തയ്യാറാക്കൽ | ശാസ്ത്രജ്ഞന്മാരെ അറിയൽ | 2025-26 | വിദ്യാർത്ഥികൾ അധ്യാപകർ | 1000 |
| 3 | ശാസ്ത്ര വിസ്മയം | പാഠപുസ്തകവുമായി ബന്ധപ്പെട്ട ശാസ്ത്രോപകരണങ്ങൾ നിർമ്മിക്കൽ പ്രദർശനം | ശാസ്ത്രോപകരണ നിർമ്മാണം | 2025-26 | വിദ്യാർത്ഥികൾ അധ്യാപകർ | 3000 |
| 4 | ശാസ്ത്രലാപ് നവീകരണം | • യു.പി. എച്ച്.എസ് ക്ലാസ്സുകളിലെ ശാസ്ത്രപരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• വേണ്ട സാമഗ്രികളുടെയും സാധനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കൽ<br>• നിലവിലെ ലബാ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നു.<br>• ശാസ്ത്ര ഉപകരണങ്ങൾ രാസവസ്തുക്കൾ എന്നിയുടെ ശേഖരണം<br>• വാങ്ങിയ ഉപകരണങ്ങളുടെ ക്രമീകരണം | വിവിധ തരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം | 2വർഷം | വിദ്യാർത്ഥികൾ അധ്യാപകർ | 20000 |

## ഹൈസ്കൂൾ വിഭാഗം- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ലഹരി വിരുദ്ധ മനോഭാവ മുള്ളവരാക്കിമാറ്റുക. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് വിശകലനം ചെയ്യാനും പരിഹാരങ്ങൾ കണ്ടെത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് | ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കുട്ടിക്ലക്ക് ലഹരിവിരുദ്ധ പ്രസംഗം ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മിക്കുക. പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുക കൂടാതെ പരിസ്ഥിതി സാമൂഹിക പ്രശ്നങ്ങളോടനുബന്ധിച്ച് ഓരോദിനാചരണങ്ങളിലും പ്രസംഗം പോലുള്ള രീതികൾ അവലംബിച്ച് കുട്ടികളെ ഒരുക്കുന്നു. | അക്കാദമിക വർഷം മുഴുവൻ നിശ്ചയിച്ച തിയ്യതികളിൽ | സാമുഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റി എടുക്കുക, പൊതുഭരണം, പൗരബോധം, പൊതുമുതൽ സംരക്ഷണം, മൂല്യബോധം,സാമൂഹിക ഉത്തരവാദിത്തം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, ഭരണഘടനയിലെ അവകാശങ്ങളും കടമകളും ഇവയിലൂടെ നമ്മുടെ കടമകളെ പറ്റി ബോധം ജനിപ്പിക്കുന്നതിനായി പാഠപുസ്തകത്തിലെ അവസാന പേജിലെ കുട്ടികളുടെ അവകാശങ്ങളും കടമകളും വായിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നതിന് | പ്രാദേശക ഭൂപടം വാർഡുകൾ തിരിച്ച് തയ്യാറാക്കുന്നുത | നവം-ഡിസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ചരിത്രപ്രധാന ദിവസങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ | ദിനാചരണങ്ങൾ വിവിധ പ്രവർത്തനങ്ങളിലൂടെ ആചരിക്കുന്നു | ജൂൺ-ഫെബ്രുവരി | സാമൂഹ്യശാസ്ത്രഅധ്യാപകർ | എസ്.എസ്. ക്ലബ് |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണി നിരീക്ഷണം വളർത്തുന്നു. | ആകാശകാഴ്ചകൾ, വിവിധതരം മേഘല രൂപീകരണങ്ങൾ അവയുടെ പേരുകൾ | ജൂൺ -ആഗസ്റ്റ് ഒക്ടോബർ-നവംബർ | സാമൂഹ്യ ശാസ്ത്രം അധ്യാപ | എസ്.എസ്. ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | കണ്ടെത്തുന്നു. ആകാശനിരീക്ഷണം അതിനായി നടത്തുന്നു. മേഘങ്ങളുടെ ഉയരം രീതി മനസ്സിലാക്കി ലിസ്റ്റ് ചെയ്ത് അവയുടെ പേരുകൾ മനസ്സിലാക്കുന്നു. | | കർ | |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക | സർവ്വേ, പ്രോജക്റ്റ്, സംവാദം അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | നവംബർ | സാമൂഹ്യശാസ്ത്രഅധ്യാപകർ | എസ്.എസ്. ക്ലബ്ബ് |
| ഭൂപടവായനകുട്ടികളിൽ വളർത്തുക. സ്ഥലാദിശാനിർണ്ണയം നടത്തുവാൻ പഠിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കുവാൻ ഭൂപടവായനപ്രോത്സാഹിപ്പിക്കുവാൻ അറ്റ്ലസ് മാപ്പ്, ഗ്ലോബ് ഇവ കുട്ടികളെ പരിചിതമാക്കുന്നുത | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ്.എസ്. ക്ലബ്ബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, പ്രശ്നോത്തരി ഇവ ദിനാചരണങ്ങളോടനുബന്ധിച്ച് നടത്തുന്നു. ചരിത്ര സിനിമാപ്രദർശനം നടത്തുന്നു. പരമാവധി ചോദ്യഉത്തരങ്ങളുടെ ശേഖരണം നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപർ | എസ്.എസ്. ക്ലബ്ബ് |

യു.പി- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യ യുടെ ദുരുപയോഗ ങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ ക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കു ന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർകുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപ്പെടു ത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനു ഷ്യന്റെ ഇടപെടുലു കൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാ ടുകൾ തണ്ണീർതടങ്ങൾ, ജലാശയങ്ങൾ കാടു കൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാ റാക്കുന്നു. (ഫീൽഡ് ട്രിപ്പ്) | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപര മായ ജീവിത സമീ പനം രൂപപ്പെടു ത്തുക | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപി താക്കളോടൊപ്പം പങ്കെ ടുത്ത് ജനാധിപത്യ രീതി യുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പഠിതാക്കളെ ചരി ത്രാവബോധം ഉള്ള വരാക്കി മാറ്റിയെടു ക്കുക | ഐ.സി.ടി. സാധ്യതളുപ യോഗിച്ച് ലോകത്തിലെ ചരിത്ര പ്രാദാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികലിൽ ചരിത്രാവ ബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# ഹൈസ്കൂൾ മാസ്റ്റർ പ്ലാൻ- ഗണിതം

| ക്രമ ന മ്പർ | പ്രവർത്തനങ്ങൾ | കാലയ ളവ് | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|
| 1 | ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധിച്ച് ആവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ<br>പ്രീ ടെസ്റ്റ്<br>സംശയനിവാരണ പെട്ടി സ്ഥാപിക്കുന്നു.<br>ഗണിതക്ലബ്ബ് രൂപികരണം<br>സമഗ്രഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധ പ്പെട്ട് ഉൾച്ചേർന്ന വിദ്യാഭ്യാസം (ഭിന്നശേഷി കുട്ടികളെ ചേർത്തുപിടിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ)<br>ഗവേഷണം (വർഗ്ഗം - ക്ലാസ്സ് 8)<br>യൂണിറ്റ് ടെസ്റ്റ് (ക്ലാസ്സ് 8,9,10) | ജൂൺ - നവം ബർ<br><br>ജൂൺ -മാർച്ച്<br><br>ജൂൺ | Nil | |
| 2 | ഗണിത മേളയുടെ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് geometric chart, number chart, other chart എന്നിവയുടെ നിർമ്മാണ പരിശീ ലനം.<br>അസൈന്റ്മെന്റ് (ക്ലാസ്സ് 8,9,10)<br>വർക്ക്ഷോപ്പ് (തുല്യ ത്രികോണങ്ങൾ കണ്ടെ ത്താൻ- ഗ്രൂപ്പ് പ്രവർത്തനം) ക്ലാസ്സ് 8<br>ലോക പൈ ദിനാചരണവുമായി ബന്ധപ്പെട്ട് ഗണിത അസംബ്ലി<br>ഗണിത നിഘണ്ടു<br>യൂണിറ്റ് ടെസ്റ്റ്<br>ഗണിത അധിക പഠനം | ജൂലൈ | രക്ഷിതാ ക്കലുടെ സഹക രണം<br><br>പി.ടി.എ | |
| 3 | സ്കൂൾ തല ഗണിത മേളക്കുള്ള ഒരുക്കങ്ങൾ ചാർട്ട്, മോഡൽ ഇവയുടെ നിർമ്മാണം<br>സ്വാതന്ത്ര ദിനത്തോടനുബന്ധിച്ച് പതാക നിർമ്മാണം<br>അസൈൻമെന്റ് (ബഹുഭുജങ്ങൾ)<br>യൂണിറ്റ് ടെസ്റ്റ്<br>ഗണിത അധിക പഠനം | ആഗസ്റ്റ് | പി.ടി.എ | |
| 4 | ഗണിത കലണ്ടർ<br>ഗണിത അധികപഠനം<br>യൂണിറ്റ് ടെസ്റ്റ് | സെപ്ത ംബർ | Nil | |
| 5 | ഗണിത ലൈബ്രറി നിർമ്മാണം കട്ടികൾ അധ്യാപകർ എന്നിവരിൽ നിന്നും ഗണിത പുസ്തകങ്ങൾ ശേഖരിക്കുന്നു. അർദ്ധ വാർഷിക പരീക്ഷയുമായി ബന്ധപ്പെട്ട് ഗണിത അധിക പഠനം യൂണിറ്റ് ടെസ്റ്റ് | ഒക്ടോ ബർ- മാർച്ച് | Nil | |
| 6 | ഒന്നാം കൃതി, രണ്ടാംകൃതി ചിത്ര രൂപീകരണം ഗണിത അധിക പഠനം യൂണിറ്റ് ടെസ്റ്റ് | നവം ബർ | Nil | |
| 7 | ദേശീയ ഗണിത ദിനത്തോടനുബന്ധിച്ച് ഗണിത ക്വിസ്<br>രാമാനുജ ചരിത്രം ഇവയുടെ അവതരണം (സെമിനാർ)<br>ചിത്ര രചനാ മത്സരം (രാമാനുജന്റെ)<br>യൂണിറ്റ് ടെസ്റ്റ് | ഡിസം ബർ | Nil | |

| | | | | |
|---|---|---|---|---|
| | ഗണിത അധിക പഠനം | | | |
| 8 | ഗണിത മാഗസിൻ തയ്യാറാക്കൽ പഠന യാത്ര (സംഗമ ഗ്രാമ മാധവന്റെ ജന്മസ്ഥലം)<br>എസ്.എസ്.എൽ.സി പരീക്ഷയുമായി ബന്ധപ്പെട്ട് റിവിഷൻ ക്ലാസ്സ്<br>യൂണിറ്റ് ടെസ്റ്റ്<br>ഗണിത അധിക പഠനം | ജനുവരി | അധ്യാപകരുടെയും രക്ഷകർതാക്കളുടെയും സഹകരണം | |
| 9 | ഘനരൂപ പ്രദർശനം, നിർമ്മാണം (ക്ലാസ്സ് 8,9,10)<br>യൂണിറ്റ് ടെസ്റ്റ്<br>ഗണിത അധിക പഠനം | ഫെബ്രുവരി | അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം | |
| 10 | വാർഷിക പരീക്ഷയുമായി ബന്ധപ്പെട്ട് അധിക പഠനം | മാർച്ച് | Nil | |

മേഖല: ഗണിതം യു.പി

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഹ്രസ്വകാല അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കളിലും ഉറപ്പുവരുത്തുന്നു. | ഗണിതത്തിലെ അടിസ്ഥാനക്രിയകൾ അറിയാത്ത കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകി അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ-ആഗസ്റ്റ് | ഗണിതാധ്യാപിക, സമർത്ഥരായ കുട്ടികൾ |
| 2 | ഗണിത ക്ലബ്ബ് രൂപീകരണം | എല്ലാ ക്ലാസ്സുകളിലെയും കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. ഗണിത മാഗസിൻ, പസിലുകൾ, പാറ്റേണുകൾ, കുസൃതികണക്കുകൾ, ക്വിസ് എന്നിവക്ക് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ നടത്തുന്നു. | മാസത്തിൽ ഒരു തവണ | ഗണിതാധ്യാപിക, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 3 | ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമീതിയ രൂപങ്ങൾ ചതുഷ്ക്രിയകൾ എന്നിവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നതിന് ഐ.ടി.സാധ്യതകൾ ഉപയോഗിപ്പെടുത്തുന്നു. | ആവശ്യാനുസരണം | ഗണിതാധ്യപിക |
| 4 | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | ആവശ്യാനുസരണം വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപിക എസ്.ആർ.ജി ഗണിതാധ്യാപിക |
| 5 | ഇടക്കാലപദ്ധതി ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിതാധ്യാപിക |
| 6 | ദീർഘകാല പദ്ധതി ഗണിതം മധുരതരമാക്കൽ | ഗണിതപാർക്ക് - ജാമീതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി ഗണിതാധ്യാപിക, പി.ടി.എ |

മേഖല/ഉപമേഖല അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| കായിക അഭിരുചി വളർത്തുക | അവധിക്കാലത്ത് രാവിലെ ഫുട്ബോൾ പരിശീലനം അത്‌ലറ്റിക്സ് പരിശീലനം | ഏപ്രിൽ മെയ് മാസങ്ങൾ | പി.ടി.എ കായിക അധ്യാപകൻ, പൂർവ്വ വിദ്യാർത്ഥികൾ | |
| അഭിരുചിയുള്ളവർ കൂടുതൽ കായിക പരിശീലനം | എല്ലാദിവസവും വൈകുന്നേരങ്ങളിൽ പരിശീലനം | ജൂൺ ജൂലായ് ആഗസ്റ്റ് മാസങ്ങളിൽവൈകീട്ട് 4-6 വരെ | പി.ടി.എ കായിക അധ്യാപകർ | |
| സ്വയം രക്ഷാപരിശീലനം | താത്പര്യമുള്ള എല്ലാവർക്കും നീന്തൽ പരിശീലനം | ജൂൺ ജൂലായ് ഓഗസ്റ്റഅ മാസങ്ങളിൽ 4-6 വരെ | കായിക അധ്യാപകൻ | |
| നീന്തലിൽ മുകവുള്ളവർക്ക് കൂടുതൽ പരിശീലനം | മികച്ച പ്രകടം കാഴ്ചവയ്ക്കുന്നവർക്ക് കൂടുതൽ പിശീലനം | സെപ്തംബർ ഒക്ടോബർ | കായിക അധ്യാപകൻ | |
| മത്സരങ്ങളിൽ പങ്കെടുപ്പിക്കലും സമ്മാനങ്ങൾ നൽകി ആദരിക്കൽ | സ്കൂൾ തലം, ഉപജില്ലാതലം എന്നിങ്ങനെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. സമ്മാനർഹരെ ആദരിക്കുന്നു. മെഡൽ ക്യാഷ് അവാർഡ് മൊമൊന്റോ എന്നിവ നൽകുന്നു | സെപ്തംബർ ഒക്ടോബർ നവംബർ ഡിസംബർ മാസങ്ങൾ | കായിക അധ്യാപകൻ | |
| മാനസികവും ശാരീരികവുമായ ആത്മവിശ്വാസം നൽകുന്നു. | യോഗപരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | കായിക അധ്യാപകൻ സഹായി | |
| കായികശേഷിയും ആരോഗ്യവുമുള്ള സമൂഹത്തെ രൂപപ്പെടുത്തുന്നു. | പാഠപുസ്തകത്തിലെ പഠനപ്രവർത്തനങ്ങൾ | ആഴ്ചയിൽ 2 പിരിയഡ് | കായിക അധ്യാപകൻ | |

**<u>ഉപസംഹാരം</u>**

സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതി സാക്ഷാത്ക്കരിക്കുന്നതിലൂടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളും അധ്യാപകരും പ്രാപ്തരായതോടെ കൂടുതൽ ഉണർവുള്ളതും നവീനവു മായ പഠനാനുഭവമാണ് ലഭ്യമാകുന്നത്. വിദ്യാലയത്തിൽ ആസൂത്രണം ചെയ്യുന്ന വിവിധ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ അദ്ധ്യാപകരും കുട്ടികളും പരസ്പര ആത്മബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ട് പരാവധി വികസനത്തിലേക്കുനയിക്കു വാനും അദ്ധ്യാപകർക്ക് കഴിയുന്നു. ആത്മവിശ്വാസവും ദിശാബോധവുമുള്ള ഒരു തലമു റയെ വാർത്തെടുത്ത് ഉത്തരവാദിത്വമുള്ള നല്ല പൗരന്മാരാക്കി രാഷ്ട്ര നിർമ്മിതിക്കായി നമുക്ക് ഒത്തുചേരാം.